# തിരഞ്ഞെടുപ്പും ജനാധിപത്യവും

---

**Que.1.** രജിസ്റ്റേഡ് പാർട്ടികൾ എന്തെന്ന് നിർവ്വചിക്കുക?

**Marks : (2)**

**Ans.** ദേശീയ സംസ്ഥാന പാർട്ടികൾക്ക് നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാത്ത ധാരാളം പാർട്ടികൾ നമ്മുടെ രാജ്യത്തുണ്ട്. ഇവ തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്ട്രേഷൻ ചെയ്ത പാർട്ടികളായതിനാൽ ഇവയെ രജിസ്റ്റേഡ് പാർട്ടികൾ എന്ന് പറയുന്നു.

**Que.2.** ഇന്ത്യയിൽ രാജ്യസഭാംഗം ആയി മത്സരിക്കുന്നതിന് വേണ്ട കുറഞ്ഞ പ്രായ പരിധി എത്ര?

**Marks : (1)**

**Ans.** 30 വയസ്

**Que.3.** ഇന്ത്യയിൽ രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായപരിധി എത്ര?

**Marks : (1)**

**Ans.** 35 വയസ്

**Que.4.** തെരഞ്ഞെടുപ്പ് സമ്പ്രദായത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് വേണ്ടി തെരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എഴുതുക?

**Marks : (5)**

**Ans.**

- സമ്മതിദായകരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തി.
- സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് ചെലവിന്റെ പരിധി നിശ്ചയിച്ചു.
- രാഷ്ട്രീയപാർട്ടിക്കും സ്ഥാനാർത്ഥികൾക്കുമുള്ള പെരുമാറ്റചട്ടം നടപ്പിലാക്കി.
- തെരഞ്ഞെടുപ്പുകളിൽ ഇലക്ട്രോണിക്ക് വോട്ടിങ് മെഷീൻ നടപ്പിലാക്കി.
- സമ്മതിദായകരുടെ ഫോട്ടോപതിച്ച വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.
- നിഷേധവോട്ട് സമ്പ്രദായം നടപ്പിലാക്കി.
- ബാലറ്റിൽ സ്ഥാനാർത്ഥികളുടെ ചിത്രം ഉൾപ്പെടുത്തി.

(ഏതെങ്കിലും അഞ്ചെണ്ണം എഴുതുക)

**Que.5.** ഇന്ത്യയിലെ തെരഞ്ഞെടുപ്പ് പ്രക്രിയ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**Marks : (4)**

**Ans.**

- തെരഞ്ഞെടുപ്പിനോടനുബന്ധിച്ച അതിക്രമങ്ങൾ.
- ജാതി-മത വിഭാഗങ്ങളുടെ സ്വാധീനം.
- സ്ത്രീകളുടെ പ്രാതിനിധ്യകുറവ്.
- പണത്തിന്റെ സ്വാധീനം

**Que.6.** മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ നിയമക്കുന്നതാര്?

**Marks : (1)**

**Ans.** രാഷ്ട്രപതി

**Que.7.** തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഘടന വ്യക്തമാക്കുക?

**Marks : (2)**

**Ans.**

- മൂന്ന് പേർ അടങ്ങുന്ന ഒരു സമിതിയാണ്.
- മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറും മറ്റ് രണ്ട് കമ്മീഷണറന്മാരും ചേർന്നതാണ് ഈ സമിതി.

**Que.8.** കേരളത്തിൽ ഇപ്പോൾ എത്ര നിയമസഭാ മണ്ഡലങ്ങൾ ഉണ്ട്?

**Marks : (1)**

**Ans.** 140

**Que.9.** കേരളത്തിലെ ഇപ്പോഴത്തെ ലോകസഭാമണ്ഡലങ്ങളുടെ എണ്ണം എത്ര?

**Marks : (1)**

**Ans.** 20

**Que.10.** ലോകസഭാതെരഞ്ഞെടുപ്പിന് വേണ്ടി നമ്മുടെ രാജ്യത്തെ ജനസംഖ്യാനുപാതത്തിൽ എത്രനിയോജക മണ്ഡലങ്ങളായി തിരിച്ചിട്ടുണ്ട്?

**Marks : (1)**

**Ans.** 543

**Que.11.** നിയോജക മണ്ഡലങ്ങൾ എന്തെന്ന് വ്യക്തമാക്കുക?

**Marks : (2)**

**Ans.** ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി ഓരോ സംസ്ഥാനത്തേയും കേന്ദ്രഭരണ പ്രദേശത്തേയും ചെറിയ ഭൂപ്രദേശമേഖലകളായി തിരിച്ചിരിക്കുന്നു. ഈ ഭൂപ്രദേശമേഖലകളാണ് നിയോജക മണ്ഡലങ്ങൾ.

**Que.12.** തെരഞ്ഞെടുപ്പ് പ്രവചന ശാസ്ത്രം എന്നാൽ എന്ത്?

**Marks : (2)**

**Ans.** തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിന് മുമ്പ് രാഷ്ട്രീയപാർട്ടികളുടേയും മുന്നണികളുടേയും വിജ്യസാധ്യത പരിശോധിച്ച് പ്രവചിക്കുന്ന പഠന ശാഖയാണ് തെരഞ്ഞെടുപ്പ് പ്രവചന ശാസ്ത്രം.

**Que.13.** മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി മുന്നണി രാഷ്ട്രീയം പ്രായോഗികമാക്കിയ സംസ്ഥാനമാണ് കേരളം. പ്രസ്താവന സാധൂകരിക്കുക?

**Marks : (3)**

**Ans.**

- തെരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയ കക്ഷിക്കും ഭൂരിപക്ഷം ഇല്ലാതെ വന്നാൽ പരസ്പരം സഹകരിക്കാൻ കഴിയുന്ന രാഷ്ട്രീയ കക്ഷികൾ ഒരു പൊതു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഒന്നിച്ച് ചേർന്ന് മുന്നണി രൂപീകരിച്ച് തെരഞ്ഞെടുപ്പിൽ മത്സരിക്കാറുണ്ട്. അതാണ് മുന്നണി രാഷ്ട്രീയം
- 1960 കളിലാണ് കേരളത്തിൽ മുന്നണി രാഷ്ട്രീയം നിലവിൽ വന്നത്.

**Que.14.** സംസ്ഥാന പാർട്ടികൾ എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**Marks : (2)**

**Ans.** ഒരു സംസ്ഥാനത്ത് മാത്രം സ്വാധീനമുള്ള രാഷ്ട്രീയ പാർട്ടികളാണ് സംസ്ഥാന പാർട്ടികൾ.

**Que.15.** എന്താണ് ദേശീയപാർട്ടികൾ?

**Marks : (2)**

**Ans.** ദേശവ്യാപകമായി പ്രവർത്തിക്കുകയും ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ സ്വാധീനമുണ്ടാക്കുകയും ചെയ്യുന്ന പാർട്ടികളാണ് ദേശീയ പാർട്ടികൾ.

**Que.16.** രാഷ്ട്രീയപാർട്ടികൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**Marks : (2)**

**Ans.** ഒരു പ്രത്യയശാസ്ത്ര കാഴ്ചപാടിന്റെ അടിസ്ഥാനത്തിൽ സംഘടിക്കുകയും രാഷ്ട്രീയ അധികാരം നേടുന്നതിനായി നിരന്തരം പ്രവർത്തിക്കുകയും ചെയ്യുന്ന സംഘടനകളാണ് രാഷ്ട്രീയപാർട്ടികൾ.

**Que.17.** സമ്മതിദായകർ എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**Marks : (2)**

**Ans.** വോട്ടവകാശം ഉപയോഗിച്ച് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നവരെ സമ്മതിദായകർ എന്നു പറയുന്നു.

**Que.18.** വോട്ടവകാശം എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**Marks : (2)**

**Ans.** വോട്ട് ചെയ്ത് പ്രതിനിധികളെ തെരഞ്ഞെടുക്കാനുള്ള അവകാശമാണ് വോട്ടവകാശം.

**Que.19.** സാർവർത്രിക പ്രായപൂർത്തിവോട്ടവകാശം എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**Marks : (2)**

**Ans.** ജാതി,മത,വർഗ്ഗ,ലിംഗ,പ്രദേശ വ്യത്യാസമില്ലാതെ 18 വയസ് പൂർത്തിയായ എല്ലാവർക്കും തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവകാശമാണ് സാർവത്രിക പ്രായപൂർത്തിവോട്ടവകാശം..

**Que.20.** തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇന്ത്യയിലുള്ള സംവരണ മണ്ഡലങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?

**Marks : (4)**

**Ans.**

- ഇന്ത്യയിൽ പട്ടികജാതികാർക്കും പട്ടിക വർഗ്ഗക്കാർക്കും ലോകസഭയിലും സംസ്ഥന നിയമസഭയിലും ജനസംഖ്യാനുപാതികമായി സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു.
- സംവരണം ചെയ്ത സീറ്റുകളിൽ ആ വിഭാഗത്തിലുള്ളവർക്ക് മാത്രമേ മത്സരിക്കാൻ സാധിക്കുകയുള്ളു.
- എല്ലാ വിഭാഗം ജനങ്ങൾക്കും വോട്ട് ചെയ്യാൻ അനുവാദം ഉണ്ടായിരിക്കും.

- ലോകസഭയിൽ 84 സീറ്റുകൾ പട്ടിക ജാതിക്കാർക്കും 47 സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കും ഇപ്പോൾ സംവരണം ചെയ്തിട്ടുണ്ട്.

**Que.21.** സമൂഹത്തിലെ ദുർബലരുടേയും അടിച്ചമർത്തപ്പെട്ട വിഭാഗക്കാരുടേയും പ്രാതിനിധ്യം ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടി ഏത്?

**Marks : (1)**

**Ans.** സംവരണ മണ്ഡലങ്ങൾ ഏർപ്പെടുത്തി.

**Que.22.** പ്രത്യക്ഷ തെരഞ്ഞെടുപ്പും പരോക്ഷതെരഞ്ഞെടുപ്പും തമ്മിലുള്ള വ്യത്യാസമെഴുതുക?

**Marks : (2)**

**Ans.**

- വോട്ടർമാർ നേരിട്ട് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതാണ് പ്രത്യക്ഷ തെരഞ്ഞെടുപ്പ്.
- ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ വോട്ട് രേഖപ്പെടുത്തി പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതാണ് പരോക്ഷ തിരഞ്ഞെടുപ്പ്.

**Que.23.** ജനാധിപത്യത്തിൽ കേവല ഭൂരിപക്ഷവ്യവസ്ഥയുടെ പ്രത്യേകതകൾ വ്യക്തമാക്കുക?

**Marks : (4)**

**Ans.**

- രാജ്യത്തെ വിവിധ നിയോജക മണ്ഡലങ്ങളായി തിരിക്കുന്നു.
- ഒരു നിയോജക മണ്ഡലത്തിൽ നിന്ന് ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കുന്നു.
- എത്ര സ്ഥാനാർത്ഥികൾക്ക് വേണെമങ്കിലും മത്സരിക്കാം.
- മറ്റ് സ്ഥാനാർത്ഥികളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുന്നയാൾ തെരഞ്ഞെടുക്കപ്പെടുന്നു.

**Que.24.** ഇന്ത്യയിലെ തെരഞ്ഞെടുപ്പ് രീതികളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

| പരോക്ഷ തെരഞ്ഞെടുപ്പ് | പ്രത്യക്ഷതെരഞ്ഞെടുപ്പ് |
|---|---|
| a)........................ | ലോകസഭ |
| ഉപരാഷ്ട്രപതി | c)........................................ |
| b)............................. | d)........................................ |

**Marks : (4)**

**Ans.**

a) രാഷ്ട്രപതി

b) രാജ്യസഭ

c) സംസ്ഥാന നിയമസഭ

d) പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ

**Que.25.** ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പിനുള്ള പ്രാധാന്യം വിശദമാക്കുക?

**Marks : (4)**

**Ans.**

- തെരഞ്ഞെടുപ്പ് ജനാഭിലാഷം പ്രതിഫലിപ്പിക്കുന്നു.
- ജനങ്ങൾക്കിഷ്ടപ്പെട്ട ഭരണാധികാരികളെ തെരഞ്ഞെടുക്കാൻ സാധിക്കുന്നു.
- ജനങ്ങൾക്ക് ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കുന്നതിനും പ്രതികരിക്കുന്നതിനും സാധിക്കുന്നു.
- ഭരണാധികാരികൾ ജനാഭിലാഷമറിഞ്ഞ് പ്രവർത്തിക്കുന്നതിന് തിരഞ്ഞെടുപ്പ് കാരണമാകുന്നു.